# ലോക സർക്കാർ ഉച്ചകോടി 2024-ൽ പ്രധാനമന്ത്രിയുടെ പങ്കാളിത്തം

ഫെബ്രുവരി 14, 2024

യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും പ്രതിരോധമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ ക്ഷണം സ്വീകരിച്ച് ദുബായിൽ നടന്ന ലോക സർക്കാർ ഉച്ചകോടിയിൽ വിശിഷ്ടാതിഥിയായി 2024 ഫെബ്രുവരി 14-ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പങ്കെടുത്തു. “ഭാവി സർക്കാരുടെ രൂപപ്പെടുത്തൽ” എന്ന ഉച്ചകോടിയുടെ വിഷയത്തിൽ അദ്ദേഹം മുഖ്യ പ്രഭാഷണം നടത്തി. 2018-ൽ നടന്ന ലോക സർക്കാർ ഉച്ചകോടിയിലും വിശിഷ്ടാതിഥിയായി പ്രധാനമന്ത്രി പങ്കെടുത്തിരുന്നു. ഇത്തവണത്തെ ഉച്ചകോടിയിൽ 10 പ്രസിഡന്റുമാരും 10 പ്രധാനമന്ത്രിമാരും ഉൾപ്പെടെ 20 ലോക നേതാക്കളാണ് പങ്കെടുത്തത്. 120-ൽ ഏറെ രാജ്യങ്ങളിൽ നിന്നുള്ള സർക്കാർ പ്രതിനിധികൾ ആഗോള സമ്മേളനത്തിൽ പങ്കെടുത്തു.

2. ഭരണ സംവിധാനത്തിന്റെ സ്വഭാവത്തിൽ വരുന്ന മാറ്റം സംബന്ധിച്ച കാഴ്ചപ്പാടുകൾ പ്രഭാഷണത്തിൽ പ്രധാനമന്ത്രി പങ്കുവച്ചു. “മിനിമം ഗവൺമെന്റ്, മാക്സിമം ഗവേണൻസ്” എന്ന മന്ത്രം അടിസ്ഥാനമാക്കിയുള്ള ഇന്ത്യയുടെ പരിഷ്ക്കരണ നടപടികൾ അദ്ദേഹം ചൂണ്ടിക്കാട്ടി. കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾക്കും ഉൾക്കൊള്ളിക്കലിനും സുസ്ഥിരതയ്ക്കും ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയതിന്റെ ഇന്ത്യൻ അനുഭവം പങ്കുവച്ച അദ്ദേഹം ഭരണത്തിൽ ഒരു മനുഷ്യ കേന്ദ്രീകൃത സമീപനം ആവശ്യമാണെന്ന് വ്യക്തമാക്കി. ജനങ്ങളുടെ പങ്കാളിത്തത്തിലും ലാസ്റ്റ്-മൈൽ ഡെലിവറിയിലും ഒരു ഉൾക്കൊള്ളുന്ന സമൂഹത്തെ സൃഷ്ടിക്കാൻ സ്ത്രീകൾക്ക് നേതൃത്വം വഹിക്കാൻ കഴിയുന്ന വികസനത്തിലും ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി അദ്ദേഹം വ്യക്തമാക്കി.

3. ലോകത്തിന്റെ പരസ്പര ബന്ധിതമായ സ്വഭാവം കണക്കിലെടുക്കുമ്പോൾ ഭാവി വെല്ലുവിളികൾ നേരിടുന്നതിന് സർക്കാരുകൾ പരസ്പരം സഹകരിക്കുകയും പഠിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഉൾക്കൊള്ളുന്നതും ടെക്ക്-സ്മാർട്ടും ശുദ്ധവും സുതാരവും ഹരിതവുമായ ഭരണസംവിധാനം ആവശ്യപ്പെടുന്ന സമയമാണിത്. ഈ സാഹചര്യത്തിൽ, സർക്കാരുകൾ, പൊതു സേവനത്തിൽ ജീവിതത്തെയും നീതിന്യായ സംവിധാനത്തെയും ചലനാത്മകതയെയും നവീനമാക്കലിനെയും ബിസിനസ് നടത്തിപ്പിനെയും ലളിതമാക്കുന്ന സമീപനത്തിന്

മുൻഗണന നൽകേണ്ടതുണ്ട്. കാലാവസ്ഥാ മാറ്റത്തിന് എതിരായ നടപടികളിൽ ഇന്ത്യയുടെ ഉറച്ച നടപടികൾ വിശദീകരിച്ച പ്രധാനമന്ത്രി ഒരു സുസ്ഥിര ലോകത്തിന്റെ സൃഷ്ടിക്കായി മിഷൻ ലൈഫിൽ (പരിസ്ഥിതിക്ക് ഇണങ്ങുന്ന ജീവിതശൈലി) ചേരാൻ എല്ലാവരോടും ആഹ്വാനം ചെയ്തു.

4. ലോകം അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളുടെയും വെല്ലുവിളികളുടെയും പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം ജി-20 അധ്യക്ഷ പദവിയിൽ ഇന്ത്യ വഹിച്ച നേതൃത്വപരമായ പങ്കിനെക്കുറിച്ച് പ്രധാനമന്ത്രി വിശദീകരിച്ചു. ഈ സാഹചര്യത്തിൽ, ഗ്ലോബൽ സൗത്ത് അഭിമുഖീകരിക്കുന്ന വികസന ആശങ്കകളെ ആഗോള ശ്രദ്ധയിൽ എത്തിക്കാൻ ഇന്ത്യ നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം എടുത്തുപറഞ്ഞു. ഗ്ലോബൽ സൗത്തിന് വേണ്ടി കൂടുതൽ ശബ്ദമുയർത്തുന്നതിന് ബഹുസ്വര സ്ഥാപനങ്ങളുടെ പരിഷ്ക്കരണത്തിന് അദ്ദേഹം ആഹ്വാനം ചെയ്തു. "വിശ്വ ബന്ധു" എന്ന നിലയിൽ ഇന്ത്യ ആഗോള പുരോഗതിക്ക് സംഭാവന നൽകുന്നത് തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

**ദുബായ്**
**ഫെബ്രുവരി 14, 2024**